## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3770** **21.06.2018 ൽ മറുപടിക്ക്.**

## വ്യാപാരമേഖലയെ നിയന്ത്രിയ്ക്കാനായി സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ.പി.കെ.ശശി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി.നടപ്പാക്കിയ സാഹചര്യത്തിൽ വ്യാപാരികളുടെ രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, ഇ-പേയ്മെന്റ് തുടങ്ങിയവ സമയബന്ധിതമായി നടപ്പാക്കാനും വ്യാപാരികൾ ന്യായവിലയ്ക്ക് വിപണനം നടത്തുന്നു എന്നും ഉറപ്പുവരുത്താനും വിപണന ഉല്പന്നങ്ങളുടെ വിലവിവരം കടകളിൽ പ്രദർശിപ്പിക്കുവാനും അമിത വിലക്കയറ്റം സൃഷ്ടിക്കുന്ന വ്യാപാരമേഖലയെ നിയന്ത്രിക്കാനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി നിയമമനുസരിച്ച്, 20 ലക്ഷത്തിനു മുകളിൽ ടേണോവർ ഉള്ളവർ മാത്രം രജിസ്ട്രേഷൻ എടുത്താൽ മതിയാകും. റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയറുകൾ പൂർത്തിയായി വരുന്നതേയുള്ളൂ. നിലവിൽ റിട്ടേണിന്റെ സംക്ഷിപ്തരൂപമായ ജി.എസ്.ടി.ആർ 3 ബി ആണ് നികുതിയടക്കുന്നതിനായി ഫയൽ ചെയ്യുന്നത്. നികുതിബാധ്യതയുള്ള വ്യാപാരികളെക്കൊണ്ട് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും റിട്ടേണുകൾ സമയബന്ധിതമായി ഫയൽ ചെയ്യിക്കുന്നതിനും നിരവധി ബോധവത്ക്കരണ പരിപാടികൾ മാസ് മീഡിയ വഴിയും അല്ലാതെയും ചരക്ക് സേവന നികുതി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. സാധനങ്ങളുടെ വിലനിയന്ത്രണവും വില പ്രദർശിപ്പിക്കലും സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. ജി എസ് ടി യിലൂടെ ലഭിക്കുന്ന നികുതി നിരക്ക് കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന വ്യവസ്ഥയിലാണ് ജി.എസ്.ടി നിയമം നടപ്പിലാക്കിയതെങ്കിലും പല നിർമ്മാതാക്കളും വ്യാപാരികളും ഇത്തരത്തിൽ ആനുകൂല്യം കൈമാറിയിട്ടില്ല എന്നത് വകുപ്പ് പരിശോധിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആനുകൂല്യം കൈമാറാത്ത വ്യാപാരികളുടെ വിവരങ്ങൾ, വകുപ്പ് കേന്ദ്ര ആന്റിപ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് |

| | | | |
|---|---|---|---|
| | | | കൈമാറിയിട്ടുണ്ട്. ഇതിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര ആന്റിപ്രോഫിറ്റിയറിംഗ് അതോറിറ്റിയാണ്. |
| (ബി) | ചെറുകിട വ്യവസായ മേഖല, കൈതൊഴിൽ ഉല്പന്നമേഖല, കാർഷിക മേഖലയിലെ ഡെയറി ഫാമിംഗ്, പൗൾട്രി ഫാമിംഗ്, സ്റ്റോക്ക് ബ്രീഡിംഗ്, പഴവർഗ്ഗശേഖരണം, ചെടികളുടെ വില്പന, മത്സ്യകൃഷിയും മത്സ്യക്കുഞ്ഞുങ്ങളും വിപണനം, ആർട്ടിസാൻസ് / ഹാന്റിക്രാഫ്റ്റ്സ് ഉല്പന്നങ്ങൾ എന്നിവയെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ചെറുകിട കാർഷിക ആർട്ടിസാൻസ് മേഖലയെ സംരക്ഷിക്കാൻ ജി.എസ്.ടി. യിൽ നിന്ന് ഇവയെ ഒഴിവാക്കാനോ കുറഞ്ഞ നികുതി നിരക്ക് ഏർപ്പെടുത്താനോ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ചെറുകിട വ്യവസായ മേഖല, കൈത്തൊഴിൽ ഉല്പന്നമേഖല, ആർട്ടിസാൻസ്/ ഹാന്റിക്രാഫ്റ്റ്സ് ഉല്പന്നങ്ങൾ എന്നിവയെ ജി.എസ്.ടി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഷിക മേഖലയിലെ ഡെയറി ഫാമിംഗ്, പൗൾട്രി ഫാമിംഗ്, സ്റ്റോക്ക് ബ്രീഡിംഗ്, പഴവർഗ്ഗശേഖരണം, ചെടികളുടെ വില്പന, മത്സ്യകൃഷിയും മത്സ്യക്കുഞ്ഞുങ്ങളും വിപണനം എന്നിവ ജി.എസ്.ടി യിൽ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ 20 ലക്ഷത്തിനു മുകളിൽ വിറ്റുവരവുള്ളവർ മാത്രമേ രജിസ്ട്രേഷൻ പരിധിയിൽ വരുന്നുള്ളൂ. ചെറുകിട ആർട്ടിസാൻസ് മേഖലയെ സംരക്ഷിക്കുന്നതിനായി വാറ്റിൽ നിന്നും വ്യത്യസ്തമായി ഒരുകോടി രൂപ വരെ ടേണോവറുള്ള ചെറുകിട നിർമ്മാതാക്കൾക്കും ജി.എസ്.ടി യിൽ കോമ്പോസിഷൻ സ്കീം സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ